(ബി) വളരെയധികം വാഹനത്തിരക്കുള്ളതും നാലു റോഡുകൾ സന്ധിക്കുന്നതുമായ പ്രസ്തുത ജംഗ്ഷനിൽ ഈ സിഗ്നൽ ലൈറ്റ് കേടായതുമൂലം അപകടങ്ങൾ വർദ്ധിച്ച വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സിഗ്നൽ ലൈറ്റ് അടിയന്തരമായി നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള സിഗ്നൽലൈറ്റ് കേടായിട്ട് മൂന്ന് മാസമായി. ചില അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ സ്ഥലത്ത് പോലീസിനെയും ഹോംഗാർഡുകളെയും നിയോഗിച്ച് ട്രാഫിക് നിയന്ത്രിക്കുകയാണ്. പ്രസ്തുത സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചത് തിരുവനന്തപുരം കോർപ്പറേഷനാണ്.

പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ

199 (1927) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം നൽകുമോ ;

(ബി) ഈ പ്രവൃത്തികൾക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പാലക്കാട്-മീനാക്ഷിപുരം, പാലക്കാട്-ഷൊർണ്ണൂർ റോഡുകൾ കെ.എസ്.ഡി.പി. യിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിവരുന്നു. ദേശീയപാതാ വിഭാഗത്തിൽ 205 ലക്ഷം രൂപയുടെ 55 അറ്റകുറ്റ പ്രവൃത്തികൾ നടത്തി. കൂടാതെ ദേശീയപാത 213 (കി.മീ.112/00 മുതൽ 125/000 വരെ) 604.14 ലക്ഷം രൂപയുടെ മേജർ പ്രവൃത്തിയും നടത്തി. ഇതിൽ കി.മീ. 120/000 മുതൽ 125/000 വരെ പാലക്കാട് മണ്ഡലത്തിലാണ്. ദേശീയപാത 47 (കി.മീ.182/000 മുതൽ 222/00 വരെ) 1406 ലക്ഷം രൂപയുടെ മേജർ പ്രവൃത്തി നടത്തി ഇതിൽ കി.മീ. 210/00 മുതൽ 215/600 വരെ പാലക്കാട് മണ്ഡലത്തിലാണ്. കെട്ടിടങ്ങൾ സംബന്ധിച്ചവ അനുബന്ധം 'എ' ആയും നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ചത് അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു. *

(ബി) കെട്ടിടവിഭാഗം 110.02 ലക്ഷം രൂപയും നിരത്തുകളും പാലങ്ങളും വിഭാഗം 147.52 ലക്ഷം രൂപയും ചെലവഴിച്ചു. പാലക്കാട് മീനാക്ഷിപുരം റോഡിന് ഇതുവരെ 34.75 കോടി രൂപയും പാലക്കാട്-ഷൊർണ്ണൂർ റോഡിന് 40 കോടി രൂപയും ചെലവായി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly